(സി) സർക്കാർ, സ്വകാര്യ ഇതര സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ അപേക്ഷയിൽ ഭൂജലവകുപ്പ് സ്ഥാന നിർണ്ണയം നടത്തി വിവിധയിനം കുഴൽക്കിണറുകൾ ശാസ്ത്രീയമായി നിർമ്മിച്ചു നൽകി. ജലലഭ്യത തിട്ടപ്പെടുത്തിയും, ജലത്തിന്റെ ക്വാളിറ്റി പരിശോധിച്ചു നൽകുന്നു. ഇതു കൂടാതെ ജില്ലാ കളക്ടർ ഭരണാനുമതി നൽകുന്ന എം.എൽ.എ. എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി., വരൾച്ചാ ദുരിതാശ്വാസം, പട്ടികജാതി വകുപ്പിന്റെ സഹകരണത്തോടെ പമ്പിംഗ് സ്കീമുകൾ എന്നിവയും വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. സർക്കാർ നിശ്ചയിച്ചിട്ടുള്ള കുഴൽ കിണർ നിർമ്മാണത്തിനുള്ള നിരക്കും പൈപ്പിന്റെ വിലയും ഈടാക്കിക്കൊണ്ടാണ് നിർമ്മാണം നടത്തുന്നത്. സ്വകാര്യ വ്യക്തികൾക്ക് കൃഷി ആവശ്യത്തിനായി കൃഷി ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 50% കുഴൽകിണർ നിർമ്മാണ ചെലവിനുമാത്രം ഇളവനുവദിച്ചുകൊണ്ട് ഡ്രില്ലിംഗ് നടത്തിക്കൊടുക്കുന്നു. ഭാഗികമായോ പൂർണ്ണമായോ കുടിവെള്ള ലഭ്യത ഇല്ലാത്ത സ്ഥലങ്ങളെ 50% കേന്ദ്ര സർക്കാർ വിഹിതത്തോടെ നടപ്പിലാക്കുന്ന രാജീവ് ഗാന്ധി ദേശീയ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മിച്ച് ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപ്പമ്പുകൾ ഘടിപ്പിച്ചും ജല ലഭ്യത കൂടുതലുള്ള കിണറുകളിൽ പവർ പമ്പുകൾ ഘടിപ്പിച്ചും കുടിവെള്ള ശൃംഖലയിലൂടെ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്ന മിനി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി ഉപഭോക്താക്കളെ ഏൽപ്പിച്ചു വരുന്നു. ഇതുകൂടാതെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിപ്രകാരം ലഭിക്കുന്ന അപേക്ഷകളനുസരിച്ച് കുഴൽക്കിണർ പനരുദ്ധാരണം, ഹാൻഡ് പമ്പ് റിപ്പയർ തുടങ്ങിയവ ഭൂജല വകുപ്പ് ചെയ്തു കൊടുക്കാറുണ്ട്.

വെള്ളക്കരം ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക

157 (5047) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിക്ക് വെള്ളക്കരയിനത്തിൽ 31-3-2010 വരെ എത്ര കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ട് ;

(ബി) സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വീടുകൾ എന്നീ ഓരോ വിഭാഗത്തിന്റെയും മൊത്തം കുടിശ്ശികയുടെ വിവരം വെവ്വേറെ നൽകുമോ ;

(സി) പ്രസ്തുത കുടിശ്ശിക, പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) രാഷ്ട്രീയപാർട്ടികളുടെ ഓഫീസുകളിൽ നിന്നും വെള്ളക്കരക്കുടിശ്ശീക ഈടാക്കാനുണ്ടോ ; എങ്കിൽ ഏതെല്ലാം പാർട്ടി ഓഫിസുകളാണ് കുടിശ്ശികയാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ

(ഇ) പാർട്ടി ഓഫീസിൽ നിന്നും കുടിശ്ശിക പിരിക്കുന്നതു സംബന്ധിച്ച് ഈ വർഷം എപ്പോഴെങ്കിലും സംഘർഷമുണ്ടായിട്ടുണ്ടോ ; വാട്ടർ അതോറിറ്റി ഓഫീസ് ആക്രമിക്കപ്പെട്ടിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജല അതോറിറ്റിക്ക് 31-3-2010 വരെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും 257.69 കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിക്കുവാനുണ്ട്. ഇതിനുപരി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ആകെ 243.09 കോടി രൂപയും ലഭിക്കുവാനുണ്ട്.

(ബി) ഗാർഹിക ഉപഭോക്താക്കളിൽ നിന്നും 63.14 കോടി രൂപയും, ഗാർഹികേതര വിഭാഗത്തിൽ ഉൾപ്പെടുന്ന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഉദ്ദേശം 116 കോടി രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 77 കോടിയോളം രൂപയും ലഭിക്കുവാനുണ്ട്.

(സി) കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ വാട്ടർ കണക്ഷനുകൾ വിഛേദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിഛേദനത്തിനുശേഷവും കുടിശ്ശിക ഒടുക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നുണ്ട്. കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കെതിരെ വിഛേദന നടപടി സ്വീകരിക്കുവാൻ കീഴ്ഘടകങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

കേരളത്തിലും പ്രമുഖ രാഷ്ട്രീയ പാർട്ടി ഓഫീസുകളിൽ നിന്നെല്ലാം വാട്ടർ ചാർജ്ജ് കുടിശ്ശിക ലഭിക്കാനുണ്ട്. ഇതിൽ CPM, CPI, Congress, BJP, കേരള കോൺഗ്രസുകൾ, RSP, മുസ്ലീംലീഗ്, IUML എന്നീ രാഷ്ട്രീയ പാർട്ടികൾ ഉൾപ്പെടും.

(ഇ) ഈ വർഷം സംഘർഷമുണ്ടായിട്ടില്ല.

ഉപഭോക്താക്കളുടെ എണ്ണം, വെള്ളക്കരം വർദ്ധന

158 (5048) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിക്ക് ആകെ എത്ര ഉപഭോക്താക്കളാണ് ഗാർഹിക, ഗാർഹികേതര വ്യാവസായിക തലങ്ങളിലുള്ളത് ;

(ബി) മേൽ വിഭാഗങ്ങളിലുള്ള ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വെള്ളത്തിന്റെ നിരക്ക് ലിറ്ററിന് എത്ര വീതമാണ് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വെള്ളത്തിന്റെ നിരക്കിൽ എത്ര തവണ വർദ്ധനവ് വരുത്തി ; അവസാനമായി നിരക്ക് വർദ്ധിപ്പിച്ചത് എന്നാണ് ;

(ഡി) നിലവിലുണ്ടായിരുന്ന വെള്ളത്തിന്റെ നിരക്കിനെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വിഭാഗത്തിനുമായി നിരക്ക് വർദ്ധിപ്പിച്ചത് ;